File No.FWLD-D2/138/2019-FWLD

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **906** **10.06.2019** ൽ

മറുപടിയ്ക്ക്

മാനന്തവാടിയിലെ റെയിൽ ഫെൻസിംങ്

| ചോദ്യം<br>ശ്രീ.ഒ.ആർ.കേളു | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|
| (എ) മാനന്തവാടി മണ്ഡലത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന റെയിൽ ഫെൻസിംങ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) മാനന്തവാടി മണ്ഡലത്തിൽ റെയിൽ ഫെൻസിംഗ് സ്ഥാപിക്കാനുള്ള പ്രവൃത്തി രണ്ടു പ്രാവശ്യം ടെണ്ടർ നടത്തിയെങ്കിലും കരാറുകാർ ആരും തന്നെ ടെണ്ടർ എടുത്തിട്ടില്ല. കൂടാതെ, ടി പ്രവൃത്തിക്കാവശ്യമായ എം.ജി.റെയിൽ 75 എൽ.വി/വൈ.ഡി യുടെ ലഭ്യതയില്ലായ്മ മൂലം ടി പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിക്കാത്ത നിലയിലാണ്. ആയതിനാൽ, റെയിൽ ഫെൻസിംഗിന് പകരമായി ടി പ്രദേശത്ത് ക്രാഷ് ഗാർഡ് ഫെൻസിംഗ് നടത്തുവാനും ആയതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുവാനും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, നോർത്തേൺ സർക്കിളിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർമ്മാണ കരാർ ഏറ്റെടുത്ത ഏജൻസികളുടെ പേര് വെളിപ്പെടുത്തുമോ; | (ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |
| (സി) എത്ര സമയം കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) ക്രാഷ് ഗാർഡ് ഫെൻസിംഗിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായതിനുശേഷം മാത്രമേ കാലപരിധി നിർണ്ണയിക്കുവാൻ നിർവ്വാഹമുള്ളൂ. ജൂൺ-ജൂലൈ മാസങ്ങൾ മഴക്കാലമായതിനാൽ കാലാവസ്ഥാപരമായ പരിമിതികളും പരിഗണിക്കേണ്ടതുണ്ട്. ഈ പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ